പതിനാലാം കേരള നിയമസഭ

**പതിമൂന്നാം സമ്മേളനം**

നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നം.58 — **29.11.2018**-ലെ മറുപടിക്ക്

| **ചോദ്യം** | **മറുപടി** |
| --- | --- |
| ശ്രീ. കെ.വി. അബ്ദുൾ ഖാദർ<br>ശ്രീ. ജോൺ ഫെർണാണ്ടസ്<br>ശ്രീ. വി.കെ.സി. മമ്മത് കോയ<br>ശ്രീ. ഡി.കെ. മുരളി | ഡോ. ടി.എം. തോമസ് ഐസക്<br>ധനകാര്യവും കയറും വകുപ്പ് മന്ത്രി |

**സമ്പദ്ഘടന നേരിടുന്ന പ്രതിസന്ധി തരണം ചെയ്യാൻ മൂലധന നിക്ഷേപം**

| | | |
| --- | --- | --- |
| (എ) | നോട്ടു നിരോധനം, പൊതുമേഖല ബാങ്കുകളെ ദുർബലപ്പെടുത്തൽ, ചരക്ക് സേവന നികുതിയുടെ വികലമായ നടപ്പാക്കൽ, പ്രകൃതിക്ഷോഭം എന്നിവ മൂലം സംസ്ഥാന സമ്പദ്ഘടന നേരിടുന്ന പ്രതിസന്ധികൾ തരണം ചെയ്യാൻ ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ എന്തെല്ലാമാണ്; | നോട്ട് നിരോധനം, പൊതുമേഖല ബാങ്കുകളെ ദുർബ്ബലപ്പെടുത്തൽ തുടങ്ങിയ കേന്ദ്ര സർക്കാരിന്റെ നടപടികളും, വേണ്ടത്ര അവധാനതയില്ലാതെ ചരക്ക സേവന നികുതി നടപ്പിലാക്കിയതും, സംസ്ഥാനം അഭിമുഖീകരിച്ച ഏറ്റവും ഭീകരമായ പ്രളയത്തിന് അർഹമായ സാമ്പത്തിക സഹായം നൽകുന്നതിന് കേന്ദ്ര സർക്കാർ തുടരുന്ന വിമുഖതയും സംസ്ഥാനത്തിന്റെ സാമ്പത്തിക വ്യവസ്ഥയിൽ ഗുരുതരമായ പ്രതിസന്ധി സൃഷ്ടിച്ചിട്ടുണ്ട്. ടി പരിതസ്ഥിതിയിലും സാമൂഹ്യ നീതിയുടെ ഘടകങ്ങളെ സംരക്ഷിക്കുന്നതിനും വികസിപ്പിക്കുന്നതിനും, പ്രളയത്തിന് ഇരയായവരുടെ ജീവനോപാധി വികസിപ്പിക്കുന്നതിനും, ദുർബ്ബല വിഭാഗങ്ങൾക്ക് സമഗ്ര സാമൂഹ്യ സുരക്ഷാ കവചം ഒരുക്കുന്നതിനും ലോക നിലവാരത്തിലുള്ള അടിസ്ഥാന സൗകര്യ സൃഷ്ടിയും, പുതിയ തൊഴിൽത്തുറകൾ ഉറപ്പ വരുത്തുന്നതിനും ഉതകുന്ന ഒരു സർവ്വതല സ്പർശിയായ വികസനമാണ് സർക്കാർ ലക്ഷ്യമിടുന്നത്. ഇത് സാധ്യമാക്കുന്നതിന് സർക്കാർ വിഭാവനം ചെയ്ത് നടപ്പിലാക്കുന്ന പദ്ധതികളിൽ പ്രധാനപ്പെട്ടവ ഇവയാണ്.<br>1999-ലെ കിഫ്ബി ആക്ട് പരിഷ്കരിച്ചുകൊണ്ട് സെബിയും ആർ.ബി.ഐ.യും അംഗീകരിച്ചിട്ടുള്ള നൂതന ധനസമാഹരണ സംവിധാനങ്ങൾ ഉപയോഗപ്പെടുത്തുവാൻ കേരള ഇൻഫ്രാസ്ട്രക്ച്ചർ ഫണ്ട് ബോർഡിനെ സജ്ജമാക്കി. കിഫ്ബിയുടെ ഭാഗമായി 54,000/- കോടി രൂപയുടെ നിക്ഷേപം നടത്താൻ ഉദ്ദേശിക്കുന്നു. ഇതിൽ കിഫ്ബി |

| | | |
|---|---|---|
| | | അംഗീകരിച്ച 39,707.73 കോടി രൂപയുടെ വികസന പ്രവർത്തന നടപടികൾ പുരോഗമിക്കുന്നു.<br>സമ്പൂർണ്ണ പാർപ്പിടം ഉറപ്പ് വരുത്തുകയെന്ന ലക്ഷ്യത്തോടെ ആരംഭിച്ച ലൈഫ് പാർപ്പിട പദ്ധതിയ്ക്കായി 2018-19-ൽ 2500/- കോടി രൂപ വകയിരുത്തിയിട്ടുണ്ട്.<br>പരമ്പരാഗത തൊഴിൽ മേഖലകളായ കൈത്തറി, കയർ, കശുവണ്ടി വ്യവസായം തുടങ്ങിയവയ്ക്ക് ആവശ്യമായ വിഹിതം നടപ്പ് വർഷം ബജറ്റിൽ വകയിരുത്തി.<br>നെല്ല് സംഭരണം, തരിശു ഭൂമിയിൽ കൃഷിയിറക്കൽ, നാളികേര വികസനം, വിളകളുടെ ആരോഗ്യ പരിപാലനം, ഗുണമേന്മയുള്ള വിത്തും നടീൽ വസ്തുക്കളും ലഭ്യമാക്കൽ, വ്യാവസായിക അടിസ്ഥാനത്തിൽ, കാർഷിക പ്രവർത്തനങ്ങൾ നടത്തുന്നതിന് നൂതന സാങ്കേതിക വിദ്യകളെ പ്രോത്സാഹിപ്പിക്കുക എന്നിവയ്ക്ക് 2018-19-ലെ ബജറ്റിൽ പ്രത്യേക ഊന്നൽ നൽകിയിട്ടുണ്ട്.<br>സംസ്ഥാനത്തിന്റെ പശ്ചാത്തല സൗകര്യ വികസനത്തിന് കുതിപ്പ് നൽകുന്നതിനായി വ്യവസായ വാണിജ്യ പ്രവർത്തനങ്ങൾ സുഗമമാക്കുന്നതിന് നിയമങ്ങളിലും നടപടിക്രമങ്ങളിലും ആവശ്യമായ ഭേദഗതികൾ വരുത്തുകയും, കിഫ്ബിയുടെ ഭാഗമായി നടപ്പാക്കുന്ന പദ്ധതികളുടെ ഗണ്യമായ വിഹിതം മാറ്റി വയ്ക്കുകയും ചെയ്യു.<br>2018-19-ൽ 37,247.99 കോടി രൂപയുടെ വാർഷിക പദ്ധതിയ്ക്ക് അംഗീകാരം നൽകിയിട്ടുണ്ട്. സംസ്ഥാന പദ്ധതി അടങ്കൽ 29,150/- കോടി രൂപ വരും. ഗ്രാമവികസനത്തിന് 226.04 കോടി രൂപയുടെയും, കാർഷിക മേഖലയ്ക്ക് 155.12 കോടി രൂപയുടെയും വർദ്ധനവ് മുൻ വർഷത്തെ അപേക്ഷിച്ച് അനുവദിച്ചിട്ടുണ്ട്. കൂടാതെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള വിഹിതം 7,000/- കോടി രൂപയായി ഉയർത്തിയിട്ടുണ്ട്.<br>പ്രളയത്തിന്റെ പശ്ചാത്തലത്തിൽ നടപ്പ് പദ്ധതികളുടെ മുൻഗണനാ ക്രമത്തിൽ ആവശ്യമായ ഭേദഗതി വരുത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്. കൂടാതെ പ്രളയ ദുരിതത്തിന് ഇരയായവരുടെ ജീവനോപാധി വികസന പാക്കേജിന് സംസ്ഥാന ആസൂത്രണ ബോർഡ് അന്തിമ രൂപം നൽകിവരുന്നു.<br>ഇതിനെല്ലാമുപരിയായി നികുതി പിരിവ് കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി ചുവടെ ചേർത്തിരിക്കുന്ന നടപടികളും കൈക്കൊണ്ടിട്ടുണ്ട്. |

<table>
<tr><td></td><td></td><td>
1. വിവിധ നികുതി കുടിശ്ശികകൾ തീർപ്പാക്കുന്നതിനായി ആകർഷകമായ ആംനസ്റ്റി സ്കീമുകൾ നടപ്പിലാക്കി.<br>
2. റവന്യൂ റിക്കവറി നടപടികൾ ഊർജ്ജിതപ്പെടുത്തി.<br>
3. നികുതി ചോർച്ച തടയുന്നതിന്റെ ഭാഗമായി ഇന്റേണൽ ആഡിറ്റ് വിഭാഗം ശക്തമാക്കി.<br>
4. ഭൂമി രജിസ്ട്രേഷനുമായി ബന്ധപ്പെട്ട് അണ്ടർ വാല്യുവേഷൻ കേസുകൾ തീർപ്പാക്കുന്നതിന് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കി.<br>
5. വിവര സാങ്കേതിക വിദ്യയുടെ സാധ്യതകൾ ഉപയോഗപ്പെടുത്തി നികുതി പിരിവ് കാര്യക്ഷമമാക്കുന്നതിന് ബന്ധപ്പെട്ട വകുപ്പുകളെ നവീകരിച്ചു.
</td></tr>
<tr><td>(ബി)</td><td>മൂലധന നിക്ഷേപം വർദ്ധിപ്പിക്കാനായി കിഫ്ബി വഴി നടപ്പാക്കുന്ന പദ്ധതികളുടെ പ്രവർത്തന പുരോഗതി അറിയിക്കാമോ;</td><td>
കിഫ്ബി വഴി നടപ്പാക്കുന്ന പദ്ധതികളുടെ പ്രവർത്തന പുരോഗതി താഴെ വിശദീകരിച്ചിരിക്കുന്നു.
<table>
<tr><th>ക്രമ നം.</th><th>കിഫ്ബി പദ്ധതികളുടെ നിലവിലെ സ്ഥിതി</th><th></th></tr>
<tr><td>1</td><td>സമർപ്പിക്കപ്പെട്ട പദ്ധതികൾ</td><td>577</td></tr>
<tr><td>2</td><td>സമർപ്പിക്കപ്പെട്ട പദ്ധതികളുടെ അടങ്കൽ</td><td>45,213/- കോടി രൂപ</td></tr>
<tr><td>3</td><td>അംഗീകരിച്ച പദ്ധതികൾ</td><td>466</td></tr>
<tr><td>4</td><td>അംഗീകരിച്ച പദ്ധതി തുക</td><td>39,707.73 കോടി രൂപ</td></tr>
<tr><td>5</td><td>ടെൻഡർ ചെയ്ത പദ്ധതികൾ</td><td>215</td></tr>
<tr><td>6</td><td>ടെൻഡർ ചെയ്ത തുക</td><td>7,735/- കോടി രൂപ</td></tr>
<tr><td>7</td><td>അവാർഡ് ചെയ്ത പദ്ധതികൾ</td><td>144</td></tr>
<tr><td>8</td><td>അവാർഡ് ചെയ്ത തുക</td><td>5,106/- കോടി രൂപ</td></tr>
<tr><td>9</td><td>പദ്ധതികൾക്കായി ചെലവഴിച്ച തുക</td><td>848/- കോടി രൂപ</td></tr>
</table>
</td></tr>
<tr><td>(സി)</td><td>പ്രവാസി കേരളീയരുടെ നിശ്ചല സമ്പാദ്യം കേരള വികസനത്തിനുള്ള ചാലക ശക്തിയാക്കി മാറ്റാൻ കെ.എസ്.എഫ്.ഇ. യുടെ പ്രവാസി ചിട്ടിയിലൂടെ എത്രമാത്രം സാധ്യമാകുമെന്നാണ് വിലയിരുത്തിയിരിക്കുന്നത്; വിശദാംശം ലഭ്യമാക്കാമോ?</td><td>2016-17 ബജറ്റിൽ പ്രവാസി കേരളീയരുടെ നിശ്ചല നിക്ഷേപം നാടിന്റെ അടിസ്ഥാന സൗകര്യ വികസനത്തിനായി ഉപയോഗിക്കുന്നതിനുള്ള നിർദ്ദേശം മുന്നോട്ട് വച്ചിരുന്നു. ഇതിൻ പ്രകാരം കേരള ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡിന്റെ സഹകരണത്തോടെ കേരള ഫിനാൻഷ്യൽ എന്റർപ്രൈസസ് ലിമിറ്റഡ് മുഖേന പ്രവാസി ചിട്ടികൾ ആരംഭിക്കുവാൻ തീരുമാനിച്ചു. പ്രവാസി ചിട്ടി വഴി ലഭ്യമാകുന്ന ഫ്ലോട്ട് ഫണ്ട്, സെക്യൂരിറ്റി തുക എന്നിവ കെ.എസ്.എഫ്.ഇ. ക്കു വേണ്ടി പ്രത്യേകമായി രൂപകൽപ്പന ചെയ്ത കിഫ്ബി ബോണ്ടുകളിൽ</td></tr>
</table>

| | | |
|---|---|---|
| | | നിക്ഷേപിക്കാനും, ഇത് കിഫ്ബി പദ്ധതി നിർവ്വഹണത്തിനായി ഉപയോഗിക്കുകയും ചെയ്യാനാണ് ഉദ്ദേശിക്കുന്നത്. ഇതിനകം നിലവിൽ വന്ന പ്രവാസി ചിട്ടിയിൽ 21.11.2018-ലെ കണക്കു പ്രകാരം ആകെ പ്രഖ്യാപിച്ച 79 ചിട്ടികളിൽ 52 ചിട്ടികളിൽ ചിറ്റാളന്മാർ തികഞ്ഞിട്ടുണ്ട്. ഇതുവഴി സെക്യൂരിറ്റി തുകയായി ലഭിച്ച തുകയിൽ നിന്നും 77,20,000/- രൂപ കിഫ്ബിയുടെ ചിട്ടി ബോണ്ടിൽ കെ.എസ്.എഫ്.ഇ. നിക്ഷേപിച്ചിട്ടുണ്ട്. പ്രവാസി ചിട്ടിയുടെ ആദ്യ ലേലം 23.11.2018-ൽ നടന്നിട്ടുണ്ട്. |

**അക്കൗണ്ട്സ് ഓഫീസർ**